

little
KITEs
SNHSS
N. PARAVUR


ഡിജിറ്റൽ മാഗസിൻ
2020-2021
ഹൈസ്കൂൾ വിഭാഗം
ശ്രീനാരായണ ഹയർ സെക്കന്ററി സ്കൂൾ
നോർത്ത് പറവൂർ


നൈവേദ്യം

# ആമുഖം

എസ് എൻ എച്ച് എസ് എസ് പുല്ലംകുളം എഴുത്തുകാരായ വിദ്യാർത്ഥികളുടെ കൂട്ടായ്മയിലൂടെ രൂപപ്പെട്ട ഈ കയ്യെഴുത്തു മാസികയിൽ കഥ ,കവിത, ഉപന്യാസം, ചിത്രങ്ങൾ, കാർട്ടൂൺ എന്നിവയിലൂടെ വളർന്നു വരുന്ന കൂട്ടുകാരുടെ ആശയങ്ങൾ സമർപ്പിക്കപ്പെടുന്നു കോവിഡ്19 മഹാമാരിയിൽ അടഞ്ഞു കിടക്കുന്ന സ്കൂൾ സഹപാഠികൾ, കളിമുറ്റം, അധ്യാപകർ എല്ലാം നമുക്ക് ഗൃഹാതുരത്വം സൃഷ്ടിക്കുന്നു. അറിവിന്റെ വാതായനത്തെ കൊട്ടിയടക്കാൻ കോവിഡിനു കഴിഞ്ഞില്ല .പുതിയ വിവരസാങ്കേതികവിദ്യയിലൂടെ ഇവിടെ ഈ കയ്യെഴുത്തുമാസിക പ്രസിദ്ധീകരിക്കപ്പെടുന്നു ഇതിനു സഹായിച്ച അധ്യാപകർക്കും കൂട്ടുകാർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു..



അനന്യ ഷിബു
9 D



സ്നേഹം നിറഞ്ഞ വായനക്കാരെ

നൈവേദ്യം എന്ന ഡിജിറ്റൽ മാഗസിൻ ശ്രീനാരായണ ഹയർസെക്കൻഡറി സ്കൂൾ നോർത്ത് പറവൂർ ഹൈസ്കൂൾ വിഭാഗം കുട്ടികളുടെ ആദ്യ സംരംഭമാണ് ഡിജിറ്റൽ മാഗസിനിനെക്കുറിച്ച് കുട്ടികളെ അറിയിച്ചപ്പോൾ അവർ ആദ്യം തന്നെ എന്താണ് ചെയ്യേണ്ടതെന്ന ചോദ്യമാണ് ചോദിച്ചത് തുടർന്ന് വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്ത് തങ്ങളുടെ സർഗ്ഗസൃഷ്ടികൾ തയ്യാറാക്കിയപ്പോൾ നമ്മുടെ ഇപ്പോഴത്തെ പ്രശ്നമായ കൊറോണയെയും ഉൾപ്പെടുത്തി അതുപോലെതന്നെ വായനക്കാരുടെ കണ്ണുകൾക്ക് മിഴിവേകുന്ന ചിത്രങ്ങളും കുട്ടികൾ ഉൾപ്പെടുത്തിയിട്ടുണ്ട് കുട്ടികളുടെ ഭാവനകൾ അനശ്വരമായതിനാലും അധ്യാപകരുടെ സമർത്ഥമായ ഇടപെടലുകൾ ഉള്ളതിനാലും ജീവിതഗന്ധിയായ രചനകൾ കുട്ടികളുടെ ഭാഗത്തുനിന്നും തുടർന്നും പ്രതീക്ഷിക്കാം ഞങ്ങളുടെ വിദ്യാർത്ഥികൾക്ക് ജഗദീശ്വരന്റെ അനുഗ്രഹാശിസുകൾ എന്നുമുണ്ടാകട്ടെ എന്ന് പ്രതീക്ഷിച്ചുകൊണ്ട്

ശ്രീനാരായണ ഹയർ സെക്കന്ററി
സ്ക്കൂൾ നോർത്ത് പറവൂർ
ഹൈസ്കൂൾ വിഭാഗം മലയാളം അധ്യാപകർ

## അമ്മ

അമ്മയാണമ്മ
സ്നേഹമാണമ്മ
സ്നേഹത്തിന് മാധുര്യ
കുമാരമ്മാണമ്മ
അമ്മയില്ലാതിന്നൊ
മില്ല ലോകത്ത്
അമ്മതൻ കാരുണ്യം
നമ്മുടെ ഈ ജീവിതം
അമ്മയെന്ന വാക്ക്
ചൊല്ലി പഠിച്ചതോ
അമ്മതൻ മാതൃ
ഹൃത്തിൽ നിന്നല്ലയോ



അർച്ചന ടി.പി



# ഒരു ലോക്ഡൗൺ അപാരത

ഞാൻ ലാമി ലാമി ഫിലിപ്പ് . ഞാനിവിടെ ടൗണിലാണ് താമസിക്കുന്നത്. എന്റെ കൂടെ അച്ഛനും അമ്മയും പിന്നെ ഒരു അനിയനുമുണ്ട്. സ്കൂളടച്ചതുകൊണ്ട് ഭയങ്കര വിഷമത്തിലാണ് . മമ്മി

ലുവായ് .....ലുവായ് ......... നീ ഇതെവിടെയാ?" ആ കേട്ടില്ലേ" അതാണ് എന്റെ മമ്മി, മിസ്സിസ് ഫിലിപ്പ് . ഒരു പ്രൈവറ്റ് ഹോസ്പിറ്റലിൽ നഴ്സാണ് . മമ്മി ഇപ്പോൾ തിരയുന്നത് വേറെ ആരെയുമല്ല, എന്റെ പുന്നാര അനിയനെ, ലുവായ് ലുവായ് ഫിലിപ്പ്. അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥി . പറയാൻ മറന്നു ,ഞാൻ ഏഴാം ക്ലാസ് വിദ്യാർത്ഥിനിയാണ് .... കേട്ടോ . ഞങ്ങൾ ഇരുവരും നിർമൽ ഗ്ലോബൽ സ്കൂളിലാണ് പഠിക്കുന്നത്
മോളെ ....... ലാമീ ...... " ആ എന്നെ വിളിക്കുന്നുണ്ട്, ചെല്ലട്ടെ ...."
മോളെ ....... ലാമീ .......... ലുവായ് എന്ത്യേ?" അവനവിടിരുന്ന് ഫോണിൽ കളിക്കുന്നുണ്ടെന്ന് പറഞ്ഞ് തീർന്നില്ല, അതിനുമുമ്പേ " എന്റെ കർത്താവെ.......... കണ്ണ് തെറ്റിയാ ഇതിന് മുമ്പിലാ....... ഈ ചെക്കനെക്കൊണ്ട് തോറ്റു..... " എന്ന് പിറുപിറുത്ത് കൊണ്ടു അവന്റെ നേരെ ഒറ്റയോട്ടം എന്ത് ചെയ്യാനാ ഏത് നേരവും ഇതുതന്നെയാ...... എപ്പഴും ഒരു ഗെയിം 'പബ്ജി' ഇത് കണ്ടു പിടിച്ചവനെങ്ങാനും മമ്മിടെ മുന്നിലെങ്ങാനും പെട്ടാൽ അവനെ വെടിവച്ചു കൊല്ലും ദൈവമെ അയാളെ രക്ഷിച്ചോളണെ ........... അവിടെ എന്താ .സംഭവിച്ചേന്ന് ഒന്ന് പോയി നോക്കട്ടെ

എടാ..... നിന്നോട് പറഞ്ഞിട്ടുള്ളതല്ലേ. എപ്പോഴും എന്തിനാ '' ഇങ്ങനെ കളിക്കുന്നേ.......... കണ്ണിന് ഇത്തിരി റെസ്റ്റ് കൊടുത്തൂടെ......" അവനൊരു കൂസലുമില്ലാ അവനവിടെ പല്ലിളിയ്ക്കുണ്ടിരുന്നു ." രണ്ടുപേരും വന്നിരിക്ക് ...... ചോറെടുത്തു വച്ചിരിക്കുന്നു......." എന്നിട്ട് മമ്മി അടുക്കളയിലേക്ക് പോയി. ഞങ്ങൾ ഇരുവരും കൈ കഴുകി ചോറ് തിന്നാനിരുന്നു. തിന്നുകൊണ്ടിരിക്കുന്നതിനിടെ അവനൊരു സംശയം "ഡാഡി എന്തിനാ പഴയ വീട്ടിലിരിക്കുന്നത്? അവിടെ ഒറ്റക്കല്ലേ?" " ഡാഡി ക്വാറന്റീനിൽ കഴിയുകയാ...... " " എന്താ മമ്മി ക്വാറന്റീൻ? എന്തിനാ അത്?" അവൻ തുരുതുരെ സംശയങ്ങൾ അയയ്ക്കാൻ തുടങ്ങി. മമ്മി അതിനൊക്കെ മറുപടി പറഞ്ഞല്ലേ തീരൂ..... "മോനെ കഴിഞ്ഞ രണ്ട് മൂന്നു ദിവസങ്ങളിൽ ഡാഡി സിംഗപ്പൂർ പോയില്ലേ ഓഫീസ് ആവശ്യങ്ങൾക്ക് വേണ്ടി. ഈ സമയത്ത് അല്ലെ കേരളത്തിൽ കൊറോണ വൈറസ്സ് പകരുന്നതും നിങ്ങടെ സ്കൂൾ പൂട്ടിയതുമൊക്കെ. വേറെ നാട്ടിൽ പോയത് കൊണ്ട് 28 ദിവസം ഒറ്റക്ക് ഒരു റൂമിൽ ഐസലേറ്റായി കഴിയണം പുറത്തിറങ്ങാനും .... പാടില്ല

അതിന് ഡാഡിക്ക് അസുഖം ഇല്ലാലോ " അവൻ ആരാഞ്ഞു " ഇല് " ല അന്നാലും വേറെ സ്ഥലത്ത് പോയതു കൊണ്ട് ഒറ്റക്കായിരിക്കണം. ഇതിന് മരുന്ന് ഇല്ല . കണ്ടു പിടിച്ചുകൊണ്ടിരിക്കുകയാ. ഇത് പരാതിരിക്കാനാണ് ഇടക്കിടെ സോപ്പിട്ടു കഴുകണമെന്നും സാനിറ്റൈസറും മാസ്ക്കും ഉപയോഗിക്കണം അകലം പാലിക്കണം എന്നൊക്കെ പറയുന്നത് മനസ്സിലായോ ......ആ മമ്മി ഡാഡിനെ എങ്ങനെയാ കാണാ അതിനല്ലേ വീഡിയോ കോൾ ഉള്ളത് എന്നാൽ മമ്മി ഫോൺ എടുത്തു കൊണ്ട് പറഞ്ഞു



അൽപ്പനേരം കഴിഞ്ഞു ഞങ്ങൾ റൂമിലിരിക്കുന്ന സമയത്ത് മമ്മിയുടെ ഫോൺ റിംഗ് ചെയ്യുന്നു ഹോസ്പിറ്റലിൽ നിന്നാണ് മമ്മി കോൾ അറ്റൻഡ് ചെയ്തു കുറച്ചു കഴിഞ്ഞപ്പോൾ ഞങ്ങളെ വിളിച്ചു അടുത്തിരുത്തി എന്നിട്ട് പറഞ്ഞു രോഗികളെ ശുശ്രൂഷിക്കാൻ ചെല്ലണം14 ദിവസമാണ് ഡ്യൂട്ടി വീട്ടിൽ വേറെ ആരും ഇല്ലാത്തതിനാൽ ഞങ്ങളെ നാളെ ഗ്രാൻപായുടെ അടുത്തേക്ക് വിടാൻ തീരുമാനിച്ചു ഗ്രാൻഡ് പായുടെ ഡ്രൈവറായ സാബു അങ്കിളിനോട് വരാൻ പറഞ്ഞു നാളെ ഉച്ചയ്ക്ക് പിറ്റേന്ന് രാവിലെ തന്നെ ഞങ്ങൾബാഗുകൾ പാക്ക് ചെയ്തു വച്ചു പക്ഷെ ലൂവായിയുടെ മുഖം വല്ലാതെ ഇരിക്കുന്നു കാരണമന്വേഷിച്ചപ്പോൾ പറയാ മൊബൈലില്ലാതെ ഞാൻ ഇനി എന്ത് ചെയ്യും എന്ന് ഫോൺ ഇല്ലാതെ പറ്റില്ല എന്ന് അവസാനം പപ്പ വേറെ ഒരു ഫോൺ കൊടുത്തു വിളിക്കാനും കളിക്കാനും ഒക്കെ ഉപയോഗിച്ചാൽ മതി എന്നു പറഞ്ഞു എൻറെ നേരെ തിരിഞ്ഞു ലാമി ഗ്രാൻപായെ നിറയെ ബുദ്ധിമുട്ടിക്കരുത് ഇവനെ നോക്കിക്കൊള്ളണമെന്ന്

എന്ന് പറഞ്ഞ് എഴുന്നേറ്റു അല്പനേരം കഴിഞ്ഞപ്പോ സാബു അങ്കിൾ വണ്ടിയുമായെത്തി. മമ്മിയോട് യാത്ര പറഞ്ഞ് ഞങ്ങൾ വണ്ടിയിൽ കയറി.വിടെത്താറായി ഗ്രാന്റ്പാ വീട്ടുമുറ്റത്ത് നിൽക്കുന്നുണ്ട് . ഗ്രാന്റ്പാ ഒരു പട്ടാളക്കാരനായിരുന്നു. റിട്ടയർഡ് ആണെങ്കിലും പഴയ ചുറുചുറുക്കും ആവേശവുമൊക്കെ ഇപ്പഴുമുണ്ട്. ഇപ്പോ കൃഷിക്കാരനാണ് 2 ഏക്കർ പറമ്പ് ഒക്കെയുണ്ട് .അതിലാ വീട്. കൃഷിയാണ് പറമ്പിൽ .വകുതി പച്ചക്കറികളും പകുതി റബർ, ജാതി തുടങ്ങിയ പലതരം വൃക്ഷങ്ങളുമാണ് ഗ്രാന്റ്പാ ഞങ്ങളെ അകത്തേക്കു കൂട്ടി കൊണ്ടുപോയി. ഞങ്ങൾക്ക് ഭക്ഷണം ഒരുക്കിയിട്ടുണ്ടായിരുന്നു . ഉറങ്ങുന്ന സമയത്ത് ഞങ്ങൾക്ക് .വീര സാഹസം പട്ടാള കഥകൾ പറഞ്ഞു തന്നു
.

ടോ ടോ ടോ……. എന്ന വെടിയൊച്ച കേട്ടു കൊണ്ടാണെഴുന്നേറ്റത് നോക്കുമ്പോൾ ആൾ തൊട്ടടുത്തിരുന്ന് ഫോണിൽ പബ്ജി കളിക്കുകയാണ് എന്റെ അനിയൻ.സത്യം പറഞ്ഞ പേടിച്ചു പോയിരുന്നു എവിടെയായാലും ജില്ലാതെ ഇവന് പറ്റില്ല . ഞാനിവന്റെ കാര്യം ഗ്രാന്റ്പയോട് പറഞ്ഞു . എല്ലാ ഞാനല്ലെ എന്ന ഭാവത്തിൽ കണ്ണടച്ചു എന്നെ തലോടി കൊണ്ട് ഡൈനിങ് എരിയയിലേക്ക് പോയി. ബ്രേക്ക് ഫാസ്റ്റ് കഴിക്കുന്നതിന്

ഇടക്ക് ഗ്രാൻപാ ഒരു സ്റ്റോറി പറഞ്ഞു തന്നു ഫോണിൽ അഡികറ്റായി നശിച്ചു പോയ ഒരു കുട്ടിയുടെ കഥ എന്നിട്ടും അവന് ഒരു കൂസലും ഉണ്ടായില്ല പോത്തിനോട് വേദം ഓതിയിട്ട് കാര്യമില്ലല്ലോ ഇവിടെ വന്നിട്ട് മൂന്ന് ദിവസമാകാറായി എന്നിട്ടും അവന് ഒരു മാറ്റവുമില്ല

ഒരു ദിവസം തോട്ടം നോക്കാൻ ഇറങ്ങിയ ഗ്രാൻപായുടെ കൂടെ ഞാനും കൂടി എന്തൊക്കെ പച്ചക്കറികളാ തോട്ടത്തിലുള്ളത് പായർ മത്തങ്ങ തക്കാളി വെണ്ട ക്യാബേജ് പടവലം അങ്ങനെ എന്തൊക്കെ നടന്നുകൊണ്ടിരിക്കുന്ന അതിനിടയിൽ ലുവായുടെ ഫോണിലുള്ള അഡിക്ഷൻ എങ്ങനെയെങ്കിലും മാറ്റണമെന്ന് ഞങ്ങൾ തീരുമാനിച്ചു. അവനുറങ്ങിയ സമയം ഫണെടുത്ത് ഒളിപ്പിച്ചു. അടുത്ത ദിവസം എണീറ്റയുടനെ ഫോൺ നോക്കിയപ്പോൾ കാണാനില്ല. ഫോൺ പോയതിലുള്ള അവന്റെ വിഷമം കണ്ടിട്ട് ഞങ്ങൾക്ക് ചിരിയടക്കാനായില്ല. ഒന്നുമറിയാത്ത മട്ടിൽ ഞങ്ങൾ അവന്റെ അടുത്ത് ചെന്ന് അവനെ ആശ്വസിപ്പിച്ചു ഫോൺ കട്ടുന്നത് വരെ ഞങ്ങടെ കൂടെ കൂടാൻ പറഞ്ഞു



മനസ്സില്ലാമനസ്സോടെ ഞങ്ങടെ പുറകെ വന്നു വാലാട്ടി നടക്കുന്ന പട്ടിയെ പോലെ ഗ്രാൻപാ ചെടി നനക്കുന്നതു കണ്ടിട്ട് അവന് ഒരു പൂതി അങ്ങനെ എല്ലാവരും ഒരുമിച്ച് നിന്ന് ചെടി നനച്ചു അതു കഴിഞ്ഞപ്പോൾ മരങ്ങളുടെ അടുത്തേക്ക് പോയിബ്ബർ മരത്തിൽ നിന്ന് പാലെ ഴുകിവരുന്നത് കണ്ടപ്പോ. ശ് അവൻ അതിശയിച്ചു പിന്നെ താഴത്ത് വീണ ജാതിക്ക പെറുക്കിയെടുത്തു. ഉള്ളിലുള്ളത് വേറെ.തൊണ്ട വേറെയിട്ട് സഹായിച്ചു. നല്ല രസമായിരുന്നു. അടുത്ത ദിവസവും ഇതു പരതലായിരുന്നു പക്ഷെ എന്നെക്കാൾ ഉഷാറ് അവനായിരുന്നു ഞങ്ങളെ ഗ്രാന്റ്പ മരങ്ങളുടെ ഇടയിലുള്ള കൊണ്ടുപോയി. അപ്പോഴതാ അവിടെയൊരു എറുമാടം നല്ല പൊക്കത്തിലാ കെട്ടിയിരിക്കുന്നത് കയറേണി തൂക്കി കിട്ടീട്ടുമുണ്ട്. ലുമായി ആദ്യമേ പെടച്ച് കയറി , എനിക്കെന്തോ ഉള്ളിലൊരു ഭയം ഉണ്ടായിരുന്നത് കൊണ്ട് മടിച്ചു നിന്നു. പക്ഷെ പിടിച്ച് കയറി താഴെക്ക് നോക്കുമ്പോ......... എന്ത് ഭംഗിയാണ്. അത് കഴിഞ്ഞപ്പോ വിട്ടുമുറ്റത്ത് നിന്നിരുന്ന മാവിൽ കൊമ്പിൽ ഒരു ഊഞ്ഞാൽ കെട്ടിച്ചു സാബു അങ്കിളിനെ കൊണ്ട്. നല്ല രസമായിരുന്നു ഊഞ്ഞാലിലാടാൻ . ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനാൽ കറിക്കൊന്നും ഉണ്ടായിരുന്നില്ല.സാബു അങ്കിൾ എവിടെ നിന്നോ ചൂണ്ടയിട്ട് പിടിച്ച മീൻ കൊണ്ടുവന്നു. ഇത്തവണ ഞങ്ങ മൂന്നു പേരും കൂടി ചേർന്ന് മീൻ കറി ഉണ്ടാക്കി നല്ല രുചിയായിരുന്നു. പിറ്റേ ദിവസം ഞങ്ങളെയും കൊണ്ട് കുളക്കരയിലേക്കാണ് കൊണ്ട് പോയത് ഞങ്ങളെ .കുളത്തിലിറക്കി എന്നെയും ലുവായിയെയും നീന്തൽ പഠിപ്പിച്ചു

അങ്ങനെ ഊഞ്ഞാലാടുകയും പാചക പട്ടാള കഥകളും നീന്തലും കൃഷിയും മരത്തിൽ കയറലും ചീട്ട് കളിയുമൊക്കെ കൊണ്ട് ദിവസങ്ങൾ പിന്നിട്ടു സത്യം പറഞ്ഞാൽ ഫോണിന്റെ കാര്യമേ മറന്നു വിളിക്കാതായപ്പോൾ മമ്മി തിരിച്ചു വിളിച്ചു മമ്മിയോട് വിളിക്കാൻ മറന്നു പോയതാണെന്നും കളിയിയിരുന്നുവെന്നും ലുവായി യുടെ കയ്യിലേക്ക് ഫോൺ കൊടുത്തു. മമ്മിയോട് അവൻ ഒന്നേന്ന് മുതൽ എല്ലാം പറഞ്ഞു ലുവായിലുള്ള ഈ മാറ്റം മമ്മിയെ സന്തോഷിപ്പിച്ചു. രണ്ട് മൂന്ന് ദിവസത്തിനുള്ളിൽ ഡ്യൂട്ടി കഴിയും അപ്പോ കൊണ്ടുവരാൻ വരാമെന്നും മമ്മി അവനോട് പറഞ്ഞപ്പോൾ അവൻ പറയാ ഇപ്പ വരണമെന്നില്ല റെസ്റ്റ് എടുത്തിട്ടൊക്കെ വന്നാ മതിയെന്ന് ഞങ്ങൾക്ക് ചിരി വന്നു പോയി ഫോൺ ഗ്രാൻപാക്ക് കൊടുത്തു മമ്മി ഗ്രാൻപായോട് താങ്ക്സ് പറഞ്ഞു ഗ്രാൻപാ പറഞ്ഞു നിങ്ങളാ അവനെ ചീത്തയാക്കിയത് എന്തിനും ഒരു പരിധി നൽകണം പണമായാലും എന്തായാലും ചോദിക്കുന്നതെന്തും വാങ്ങി കൊടുത്തിട്ടാണ് ഇങ്ങനെ വന്നത് വിനോദം എന്താണെന്നോ പ്രകൃതി എന്താണെന്നോ ഒന്നും നിങ്ങളവനെ പഠിപ്പിച്ചിട്ടില്ല അതൊക്കെ എന്താണെന്ന് ഇപ്പോ അവന് മനസ്സിലായി കണ്ടില്ലെ സന്തോഷം മമ്മിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ഈ രോഗം മാറാനും എല്ലാവരും സുഖപ്പെടാനും പ്രാർത്ഥിക്കണമെന്ന് പറഞ്ഞ് മമ്മി കോൾ കട്ട് ചെയ്തു ഗ്രാൻപ ലുവായി മുമ്പിൽ ഫോണും

........



വച്ചു ഡ്രോയിങ് ബുക്കും കളറും വെച്ചു. അപ്പോൾ അവൻ പറയാ വെടിവെപ്പും കോലാഹലങ്ങളേക്കാൾ രസം ചിത്രം വരക്കുന്നതാ ഗ്രാൻപാ വീടിനുള്ളിൽ ചിരി പൊങ്ങി ഞങ്ങൾ ഗ്രാൻപായെ കെട്ടിപിടിച്ചു ഗ്രാൻപായുടെ മിഴികളിൽ സന്തോഷത്തിന്റെ മഞ്ഞുതുള്ളികൾ തൂകി ആ മഞ്ഞുതുള്ളികൾ ഞങ്ങൾക്ക് കുളിരേകി...... സ്നേഹത്തിന്റെ കുളിർ....
സ്നേഹത്തിന്റെ തണൽ




അസ്ന ഷിറിൻ .കെ എ

91



"സമത്വ സുന്ദര
ഭൂമിയിൽ നിന്നും
പടുത്തുയർത്താം
മലയാളം
കവികൾക്കൊപ്പം
കാലം നമ്മെ
കരുത്തരാക്കും
മലയാളം"
-രതീഷ് ചന്ദ്രൻ
മാരായമുട്ടം





ശ്വേത എസ്
10 B


നവീൻ കൃഷ്ണ
8 H




ജിയോ സുബോഷ്
10 I




എസ് എൻ എച് എസ് എസ് നോർത്ത് പറവൂർ
നൈവേദ്യം











അരുൺ കുമാർ


അഭിറാം സുധീഷ്
10 G






# Twin

I am your twin
You are my twin
We stay together thick and thin
No matter what will come.
I am always blended with you.

When trouble comes in our way.
I know my twin will save the day
No matter what will come.
I am always with you.
You and me. La la la
And you. la la la
Two by two

എസ് എൻ എച്ച് എസ് എസ് നോർത്ത് പറവൂർ    നൈവേദ്യം



# पूजनीय पिताजी

मेरे पूजनीय पिताजी
आपने सोच लिया,
आपने सारे दायित्व
पूरा कर लिया।
हमें छोड़ कर, अकेले
चले गए हमसे दूर।
भूल गए आपकी
राह दिखाने आपके
बच्चों को
आप कोई नहीं यहां।
पीड़ा हमारी हम किस
से कहेंगे
सुनेगा कौन हमारी बातें।
बचपन में हमारे आपने
अपनी
नींद त्याग कर हमें
सुलाया
अब आप सो रहे हैं चैन
से
हमें छोड़ कर, अकेले।
आपकी यादें, आपकी
बातें
आपकी दिखाई राहें
हैं हमारे साथ
रहेगा हमेशा हमारे साथ
आपका आशीर्वाद

अभिनव

# കാലാവസ്ഥ വ്യതിയാനം

കാലാവസ്ഥ വ്യതിയാനം എന്ന് പറഞ്ഞാൽ ഒരു സാധാരണ പ്രശ്നം അല്ല. കാലാവസ്ഥ വ്യതിയാനത്തെ തടയാനായി നമ്മൾ ഒരുമിച്ച് ശ്രമിച്ചാലെ നമുക്ക് അതിനെ തുരത്താനാകൂ. അതുകൊണ്ട് അതിനെ .തുരത്താനായി രണ്ട് വഴികൾ പറഞ്ഞുതരാം

നിങ്ങളുടെ വീടുകളിൽ ബൾബുകൾ ഉണ്ടാകുമല്ലോ അത് കത്തി .1 കിടക്കുന്ന സമയത്ത് തൂടാതെ ഒരു 10 മിനിട്ട് കഴിഞ്ഞിട്ട് ആ ബൾബ് തൊട്ടുനോക്കു അതിനു ചുറ്റും പിന്നെ ആ ബൾബിലും നല്ല ചൂടുണ്ടാകും. നമ്മൾക്ക് പനിയുണ്ടായാൽ നമ്മൾക്ക് ചുറ്റുമുള്ള വായുവും ചൂടാകില്ലെ അതുപോലെ അങ്ങനെ ചൂട്കൂടിയ വായു മുകളിലോട്ട് പോകും .അങ്ങനെ എത്ര വീടുകളിൽ നിന്നും പോകും



നമ്മൾ ഓർക്കണം ഇപ്പോൾ പ്രളയം പതിവില്ലാത്ത ചൂടും നല്ല തണുപ്പും എല്ലാം കാലാവസ്ഥയുടെ ഓരോ വ്യതിയാനങ്ങളാണ് സാധാരണയായി ജൂൺ 1 ന് തുടങ്ങേണ്ട മഴ ജൂലായ് അവസാനം തടങ്ങുന്നു പിന്നേയോ ന്യൂനമർദ്ധം ഉണ്ടാകാത്ത കടൽ ആണ് അറമ്പിക്കടൽ . ആ കടലിൽ പോലും ന്യൂനമർദ്ധം രൂപപ്പെടുന്നുവെങ്കിൽ അതു ഒരു കാലാവസ്ഥതയുടെ വ്യതിയാനങ്ങളാണ് ഇതിനെ കുറിച്ച് നിങ്ങൾ വായ്ക്കുകയാണെങ്കിൽ ദയവ് ചെയ്ത് നിങ്ങളുടെ വീട്ടിലെ അനാവശ്യ സ്ഥലത്തിലെ ലൈറ്റുകൾ ഒഴിവാക്കുക . അടുത്ത് എവിടെയെങ്കിലും പോകണമെങ്കിൽ സൈ ക്കിളോ അഥോ നടന്ന്  പോവുക ഞാൻ ഈ പറയുന്നത് നിങ്ങൾക്ക് തമാശയായി തോന്നാം പക്ഷേ


ഇതുപോലെ ചെറിയ ചെറിയ കാര്യങ്ങളിൽ നമ്മൾ ശ്രദ്ധിച്ചാലെ ......നമുക്ക് ഇതിനെ ഇല്ലാതാക്കാൻ കഴിയൂ

വനനശീകരണം , അന്തരീക്ഷ മലിനീകരണം എന്നിവയാണ് അവയിൽ മുഖ്യം . അന്തരീക്ഷ നാസനം, കാലാവസ്ഥ വ്യതിയാനം , ഭക്ഷ്യക്ഷാമം ശുദ്ധജലത്തിന് അഭാവം തുടങ്ങിയവ ഇതിന്റെയെല്ലാം ദുഷ്യഫലങ്ങളാണ് . മണ്ണൊലിപ്പ് തടയാനും അന്തരീക്ഷം തണുപ്പിക്കാനും പക്ഷിമൃഗാതികളെ നിലനിർത്താനും മരക്കാടുകൾ കൂടിയെ തീരു..... മണ്ണിനുള്ളിൽ ജലത്തെ സംഭരിച്ചു വയ്ക്കുന്നത് മരങ്ങളും ചെടികളുമാണ് . നമ്മുടെ നദികളും തോടുകളും വറ്റി കൊണ്ടിരിക്കുന്നു. നമ്മൾ ചെറിയ ക്ലാസുകൾ മുതലെ പഠിക്കുന്ന ഒന്നാണ് ഫാക്ടറി കുഴലുകൾ അമിതമായി വിസർജിക്കുന്ന



പൂജ കെ
9 E





# ഇന്റർനെറ്റ് സൗകര്യവും അതിന്റെ പരിമിതികൾ

ആധുനിക ജീവിത സൗകര്യങ്ങളിൽ ഒഴിവാക്കാനാവാത്ത ഒന്നായി ഇന്റർനെറ്റ് വളർന്നു കഴിഞ്ഞു. ഇ-മെയിലും ചാറ്റിങ്ങും ബ്രൗസിങ്ങുമെല്ലാം ശരാശരി മലയാളിയുടെ ശീലമായി കഴിഞ്ഞു. ഇതേസമയം തന്നെ ഇന്റർനെറ്റ് ദുരുപയോഗത്തിന്റെയും സൈബർ കുറ്റകൃത്യങ്ങളുടെയും വാർത്തകളും പുറത്തു വരുന്നുണ്ട് . യുവതലമുറയിൽ ഇന്റർനെറ്റ് അടിമത്തം ഒരു പ്രശ്നമായി മാറുന്ന കാഴ്ചയാണ് കുറച്ചുനാളായി നാം കാണുന്നത് . പഠനത്തിൽ പിന്നോക്കാവസ്ഥ സാമൂഹിക ജീവിതത്തിലും കുടുംബ ജീവിതത്തിലുമുള്ള തകരാറുകൾ, ഉറക്കക്കുറവ്, വിശപ്പില്ലായ്മ, ജോലിയിലെ പരാജയം മാനസിക രോഗങ്ങൾ തുടങ്ങി പലവിധ പ്രശ്നങ്ങൾ ഇന്റർനെറ്റ് അടിമകൾക്ക് ഉണ്ടാകാൻ സാധ്യതയുണ്ട് കാഴ്ചക്കുറവ്, വിട്ടുമാറാത്ത തലവേദന, ശരീരികവേദനകൾ, ക്ഷീണം തുടങ്ങി ദുർമേദസ്സ്, ഹൃദ്രോഗം വരെയുള്ള വിവിധ ആരോഗ്യ പ്രശ്നങ്ങളും ഇവർക്ക് ഉണ്ടാകാൻ സാധ്യതയേറെയാണ് . കുട്ടികളിൽ

എസ് എൻ എച്ച് എസ് എസ് നോർത്ത് പറവൂർ
നൈവേദ്യം

കമ്പ്യൂട്ടർ .കുട്ടിയുടെ സ്വകാര്യ മുറിയിൽ വെക്കാതെ ഹാളിൽ തന്നെ വെക്കുക . ആശയവിനിമയ ശേഷി മെച്ചപ്പെടുത്താനുള്ള . പരിശീലനങ്ങൾ നൽകുന്നതും പ്രയോജനകരമാണ്

ലോക്ക്ഡൗണിനെ തുടർന്ന് സ്ക്കൂളുകളും ഓഫീസുകളും അടച്ചിടുകയും അല്ലെങ്കിൽ നിയന്ത്രണത്തോടെ ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തത് ഇന്റർനെറ്റ് ഉപയോഗം വർദ്ധിക്കുന്നതിന് കാരണമായി. ഇന്റർനെറ്റ് സഹായത്തോടെ സോഷ്യൽ മീഡിയകളുടെ പിന്തുണയോടു കൂടിയാണ് കേരളത്തിൽ പ്രളയകാലത്ത് രക്ഷാപ്രവർത്തനങ്ങൾക്ക് വലിയൊരളവ് വരെ ഈ സംവിധാനങ്ങൾ സഹായമായിരുന്നു



ശ്വേത
10 B

Thank you